©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 മാർച്ച് 09
09th March 2026
1201 കുംഭം 25
25th Kumbham 1201
1947 ഫാൽഗുനം 18
18th Phalguna 1947

നമ്പർ
No.
1050

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം. 17/2026/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 2026 മാർച്ച് 02

എസ്. ആർ. ഒ. നമ്പർ 330/2026

2025 ജൂൺ 6 -ാം തീയതി മുടക്കുഴ ഗ്രാമപഞ്ചായത്തിലെ 6 അംഗങ്ങൾ ചേർന്ന് വൈസ് പ്രസിഡന്റായ ശ്രീമതി.രജിതയ്ക്ക് എതിരെ അവിശ്വാസപ്രമേയത്തിനുള്ള നോട്ടീസ് നല്കിയതിനാലും;

2025 ഒക്ടോബർ 22 -ാം തീയതി പ്രസ്തുത ഗ്രാമപഞ്ചായത്ത് ആഫീസിൽ വച്ച് കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രസ്തുത അവിശ്വാസ പ്രമേയം പരിഗണിക്കുന്നതിനായി ഒരു യോഗം ചേർന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത യോഗത്തിൽ അനുവദിക്കപ്പെട്ട അംഗബലമായ 13 അംഗങ്ങളിൽ 7 അംഗങ്ങൾ അവിശ്വാസ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തതിനാലും ശ്രീമതി.രജിതയ്ക്ക് എതിരായ അവിശ്വാസ പ്രമേയം പാസ്സായതായി കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രഖ്യാപിച്ചിട്ടുള്ളതിനാലും;

പ്രസ്തുത അവിശ്വാസ പ്രമേയം പാസ്സായശേഷം മുടക്കുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ ഔദ്യോഗിക കാലാവധി അവസാനിച്ചിട്ടുള്ളതിനാലും മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡന്റ് സ്ഥാനത്ത് വന്ന ഒഴിവ് കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്കും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിലേക്കും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും;

പ്രസ്തുത വിഷയം പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരളപഞ്ചായത്ത് രാജ് ആക്ടിന്റെ (1994-ലെ 13) 157-ാം വകുപ്പ് (12)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2025 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തിൽ മുടക്കുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്ന നിലയിലുള്ള ശ്രീമതി. രജിതയുടെ ഉദ്യോഗം അവസാനിപ്പിച്ച് സ്ഥാനം ഒഴിഞ്ഞതായി, കേരളസർക്കാർ, ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

അനുപമ ടി വി ഐ എ എസ്

സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

മുടക്കുഴ ഗ്രാമപഞ്ചായത്ത്, അതിന്റെ വൈസ് പ്രസിഡന്റിനെതിരെ അവിശ്വാസപ്രമേയം പാസ്സാക്കിയതിനെ തുടർന്ന് 2025 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തോടെ വൈസ് പ്രസിഡന്റ് എന്ന നിലയിലുള്ള ശ്രീമതി. രജിതയുടെ ഉദ്യോഗം അവസാനിപ്പിച്ച് സ്ഥാനം ഒഴിഞ്ഞതായി വിജ്ഞാപനം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.09 02:53:43 +05:30